# UNIVERSITY OF CALICUT

## MINUTES

***868th Meeting of the University Syndicate***

**2nd MEETING OF THE SYNDICATE 2026**

***On Saturday 25th April 2026***

# കാലിക്കറ്റ് സർവകലാശാല
## ആസൂത്രണ വികസന വിഭാഗം

നമ്പർ. **3505/PLD-A-ASST-1/2016/Admn.**

കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ.
തിയ്യതി **: 04.05.2026**

## *868–ാമത് സിണ്ടിക്കേറ്റ് യോഗം*

**2026 ലെ രണ്ടാം സിണ്ടിക്കേറ്റ് യോഗം**

## മിനുട്സ്

| | | |
|---|---|---|
| **തിയ്യതി & സമയം** | : | **2026 ഏപ്രിൽ 25, ശനി, 10.00 am** |
| **സ്ഥലം** | : | **കോൺഫറൻസ് റൂം, കാലിക്കറ്റ് സർവകലാശാല** |

**പങ്കെടുത്ത അംഗങ്ങൾ:**

1. പ്രൊഫ. (ഡോ.) പി. രവീന്ദ്രൻ, വൈസ് ചാൻസലർ
2. ശ്രീ സുമോദ് പി. പി. (എം.എൽ.എ) (online)
3. അഡ്വ. എം.ബി. ഫൈസൽ
4. ശ്രീ. പി. മധു
5. ശ്രീ. ഇ. അബ്ദുറഹീം
6. ശ്രീ. സി. പി. ഹംസ
7. ശ്രീ. ടി. ജെ. മാർട്ടിൻ
8. ശ്രീ. അനുരാജ്. എ. കെ
9. പ്രൊഫ. (ഡോ.) ടി. മുഹമ്മദ് സലീം
10. ഡോ. മുഹമ്മദ് ഹനീഫ. കെ
11. ശ്രീ. സുശാന്ത്. പി
12. ഡോ. റഷീദ് അഹമ്മദ്. പി
13. ഡോ. പ്രദീപ് കുമാർ കെ
14. അഡ്വ. പി. കെ. ഖലീമുദ്ധീൻ (online)
15. അഡ്വ. എൽ. ജി. ലിജീഷ്
16. ഡോ. കാവുമ്പായി ബാലകൃഷ്ണൻ
17. പ്രൊഫ. (ഡോ.) പ്രദ്യുമ്നൻ. പി. പി
18. ഡോ. വസുമതി ടി

***ഇവർക്കു പുറമെ,***

ഡോ. ഡിനോജ് സെബാസ്റ്റ്യൻ, രജിസ്ട്രാർ.

**(39060/GA-IV-C3/2019/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.17***

**വിഷയം** മാനസിക വൈകല്യമുള്ള (Mentally Retarded)/ബുദ്ധിപരമായ വൈകല്യമുള്ള (Intellectual Disability) വിദ്യാർത്ഥികൾക്ക് സർവകലാശാല പരീക്ഷ എഴുതുന്നതിനു സ്ക്രൈബ്/ഇന്റെർപ്രെറ്റർ സൗകര്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുന്നത്

പഠിക്കുന്നതിനായി 07.04.2025 തീയതിയിലെ 990/2025/PB നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ ശുപാർശ സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന്.

**(29893/EG-I-ASST-1/2014/PB)**

**തീരുമാനം**

1. **ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പ്രോജക്റ്റ്/ഡെസർട്ടേഷൻ പരീക്ഷകൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി അക്കാദമിക് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 09.10.2025 ലെ 14128/2025/Admn നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതിയുമായി കൂടിയാലോചിക്കുന്നതിനും, നിലവിൽ നൽകിയിരിക്കുന്ന ശുപാർശകൾ പരിഷ്കരിച്ച് 7 ദിവസത്തിനകം സമർപ്പിക്കുന്നതിനും ഉപസമിതിക്ക് നിർദ്ദേശം നൽകി.**
2. **ഉപസമിതി സമർപ്പിക്കുന്ന ശുപാർശകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.23***

**വിഷയം** ജനുവിൻനെസ് വെരിഫിക്കേഷനും ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റിനും ഉള്ള ഫീസ് ഇളവ് അനുവദിക്കുമ്പോൾ, സർവ്വകലാശാലയ്ക്ക് ഉണ്ടായേക്കാവുന്ന സാമ്പത്തിക പ്രത്യാഘാതങ്ങൾ പരിഗണിച്ചുകൊണ്ട്, താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി:

(i) 02.09.2022 തീയതിയിലെ U.O. No. 1684/2022/PB സർവകലാശാല ഉത്തരവിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന ജനുവിൻനെസ് വെരിഫിക്കേഷനും ഒഫീഷ്യൽ ട്രാൻസ്ക്രിപ്റ്റിനും ഉള്ള ഫീസ് ഇളവ്, സംസ്ഥാന–കേന്ദ്ര സർക്കാർ വകുപ്പുകളുടെ കീഴിലുള്ള അനുബന്ധ ഓഫീസുകൾ, അല്ലെങ്കിൽ അർദ്ധസർക്കാർ സ്ഥാപനങ്ങൾ (quasi-government), കസ്റ്റംസ്, സർക്കാരിന് കീഴിലുള്ള റെയിൽവേ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ (public sector), അക്കൗണ്ടന്റ് ജനറൽ ഓഫീസ് (സ്വതന്ത്ര ഭരണഘടനാ അധികാരം ഉള്ളവ) തുടങ്ങിയ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും (autonomous bodies) ബാധകമാക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച്

(ii) ജനുവിൻനെസ് വെരിഫിക്കേഷൻ അപേക്ഷകൾക്കുള്ള ഫീസ് ഒഴിവാക്കൽ, കേന്ദ്ര സർക്കാർ/കേരള സർക്കാർ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും, കേരള പി.എസ്.സി., യു.പി.എസ്.സി., കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഡിഫെൻസ് റിക്രൂട്ടിങ് ഏജൻസികൾ എന്നിവിടങ്ങളിലെ വകുപ്പ് മേധാവികൾ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾക്ക് മാത്രം പരിമിതപ്പെടുത്തുകയും ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിർദ്ദിഷ്ട ഫീസ് അടയ്ക്കാൻ തയ്യാറാകാത്ത സാഹചര്യങ്ങളിൽ, പ്രസ്തുത ഫീസ് ബന്ധപ്പെട്ട വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്യുന്ന വിഷയം സംബന്ധിച്ച്.

**(1229/EG-I-ASST-1/2019/PB)**

**തീരുമാനം** **ഫീസ് ഇളവ് നൽകേണ്ട സ്ഥാപനങ്ങളുടെ കൃത്യമായ ലിസ്റ്റ് ഇനം തിരിച്ച് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി.**

**ഇനം നമ്പർ** **2026.28***

**വിഷയം** BBA/BCA കോഴ്സുകളിലെ AICTE റെഗുലേഷൻ സംബന്ധിച്ച് അതത് സർവകലാശാലകൾ പഠനം നടത്തി തങ്ങളുടെ അഭിപ്രായം സർക്കാരിനെ അറിയിക്കേണ്ടതുണ്ട് എന്നുള്ള നിർദ്ദേശം പരിഗണിച്ചു കൊണ്ട് BBA/BCA പ്രോഗ്രാമുകൾക്ക് AICTE നൽകുന്ന സീറ്റ് നൽകാനും, സമാന വിഷയങ്ങളിൽ ഒരു ബാച്ചിന് statutory/regulatory ബോഡികൾ നിഷ്കർഷിക്കുന്ന പരമാവധി സീറ്റ് പരിധിക്ക് അനുസൃതമായി statute ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 31.08.2024-ലെ സിണ്ടിക്കേറ്റ് യോഗം തീരുമാനിച്ച വിവരം സർക്കാരിലേക്ക് അറിയിക്കുന്നതിനുള്ള സ്റ്റാഫ് ആൻഡ് അഫിലിയേഷൻ സമിതിയുടെ ശുപാർശ പരിഗണിക്കുന്നതിന്.

**(11442/CDC-E1/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.32***

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.133***

**വിഷയം** കാലിക്കറ്റ് സർവകലാശാലയുടെ നിലവിലുള്ള e-payment സംവിധാനത്തിലേക്ക് ഒന്നിൽകൂടുതൽ payment gateway ഉൾകൊള്ളിക്കുന്ന കാര്യം പരിഗണിക്കുന്നതിന്.

**(29949/FIN-ACCTS-B3/2025/Fin)**

**തീരുമാനം**

1. **കനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ Payment Gateway കൂടി ഉൾപ്പെടുത്തി അംഗീകരിക്കുന്നതിന് തീരുമാനിച്ചു.**
2. **വിദ്യാർത്ഥികളിൽ നിന്നും സർവീസ് ചാർജുകൾ ഈടാക്കുന്നതല്ല എന്ന വ്യവസ്ഥ MoU-ൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി.**

**ഇനം നമ്പർ** **2026.134***

**വിഷയം** 13.11.2025 തീയതിയിൽ ചേർന്ന അഡ്മിഷൻ മോണിറ്ററിങ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പിലെ മുഴുവൻ ഇനങ്ങളും പരിഗണിക്കുന്നതിന്.

**(47829/DOA-ASST-4/2020/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

(അഡ്മിഷൻ മോണിറ്ററിങ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പിലെ ഇനം 3, 20 എന്നിവ അംഗീകരിച്ചതിൽ ശ്രീ. ടി. ജെ. മാർട്ടിൻ വിയോജിച്ചു).

**ഇനം നമ്പർ** **2026.149***

**വിഷയം**

1996 സെപ്റ്റംബറിൽ ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ വെച്ച് നടത്തിയ രണ്ടാം വർഷ BSc സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയിൽ ഷീന. കെ എന്ന വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിനു ലഭ്യമാകാത്തത്തിനെ തുടർന്ന് ടി വിദ്യാർത്ഥിനി ഫയൽ ചെയ്ത O.S No.210/2005-ലെ അന്തിമവിധി പ്രകാരം ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി 46,198/- രൂപ നഷ്ടപരിഹാരം നൽകേണ്ടിവന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരക്കടലാസ് നഷ്ടപ്പെട്ടതിന് കാരണക്കാരായവരെ കണ്ടെത്തി തുടർ നടപടി സ്വീകരിക്കുന്ന വിഷയത്തിൽ പരീക്ഷാ കാര്യ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിക്കുന്നതനിന്.

**(182838/RV-II-SO/2021/PB)**

**തീരുമാനം** **അന്വേഷണം നടത്തി ഉത്തരക്കടലാസ് നഷ്ടപ്പെട്ടതിന് കാരണക്കാരായവരെ കണ്ടെത്തുന്നതിന് പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.162***

**വിഷയം** 2023-24 അദ്ധ്യയന വർഷത്തെ പി.ജി ക്യാപ് പ്രവേശനവുമായി ബന്ധപ്പെട്ട്, ക്രമപ്രകാരമല്ലാത്ത പ്രവേശനം നടത്തിയതിനു പിഴയടക്കാൻ സർവകലാശാല ഉത്തരവായ ദാറുൽ ഉലൂം അറബിക് കോളേജ്, വാഴക്കാട്, ഇതുവരെയായിട്ടും പ്രസ്തുത പിഴ സർവകലാശാലാ ഫണ്ടിൽ അടവാക്കാത്ത വിഷയം പരിഗണിക്കുന്നതിന്.

**(112110/DOA-ASST-5/2023/Admn)**

**തീരുമാനം** **അനന്തരനടപടികൾ ഒഴിവാക്കുന്നതിനായി പിഴ അടിയന്തിരമായി ഒടുക്കേണ്ടതാണെന്ന് കാണിച്ച് കോളേജിന് കത്ത് നൽകുന്നതിന് തീരുമാനിച്ചു.**

**ഇനം നമ്പർ** **2026.163***

**വിഷയം**

ഡിഗ്രി സർട്ടിഫിക്കറ്റ് പുതുക്കി നൽകുന്നതിനായി വിദ്യാർത്ഥിയുടെ കൈയിലുള്ള ഡിഗ്രി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യേണ്ട അവസരത്തിൽ സ്വീകരിക്കേണ്ട പൊതു നയം രൂപീകരിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ സിണ്ടിക്കേറ്റിന്റെ പരീക്ഷാകാര്യ സ്ഥിരം സമിതിയുടെ 19.12.2025 തിയതിയിലെ തീരുമാനപ്രകാരം പരിഗണിക്കുന്നതിന്.

**(148299/SSH-E-ASST-1/2025/PB)**

**തീരുമാനം** **നിർദ്ദേശങ്ങൾ അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.165***

**വിഷയം**

കോവിഡ്–19 കാലഘട്ടത്തിൽ (2020-21, 2021-22 അധ്യയന വർഷങ്ങൾ) അഫിലിയേറ്റഡ് കോളേജുകൾ, യൂണിവേഴ്സിറ്റി യൂണിയൻ ഫീസ് (യു.യു.എഫ്) അടവാക്കാത്തതുമായി ബന്ധപ്പെട്ട വിഷയം, വിദ്യാർത്ഥി ക്ഷേമ കാര്യ സ്ഥിരം സമിതിയുടെ ശുപാർശ പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ തുറന്ന ചർച്ചയ്ക്കായി പരിഗണനയ്ക്കുന്നതിന്.

**(90187/DSW-ASST-4/2025/Admn)**

**തീരുമാനം** **18% പിഴയോട് കൂടി ഫീസ് അടവാക്കുന്നതിന് കോളേജുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.**

**ഇനം നമ്പർ** **2026.183***

**വിഷയം** ഒരു അധ്യയന വർഷത്തിൽ നടക്കേണ്ടുന്ന സർവകലാശാല പരീക്ഷയുടെ രജിസ്ട്രേഷൻ

| | |
|---|---|
| **വിഷയം** | പള്ളിക്കൽ ഗ്രാമ പഞ്ചായത്തു പരിധിയിൽപ്പെട്ട സർവകലാശാലാ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 19/5, 19/6, 19/7, 19/8, 19/9, 19/14, 19/15 എന്നീ കെട്ടിടങ്ങൾ (പഴയ പോലീസ് സ്റ്റേഷൻ, പോലീസ് ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ) പൊളിക്കുന്നതിനുള്ള അനുമതിയും സർവ്വേ റിപ്പോർട്ടിന് അംഗീകാരവും സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന്. |
| | **(154401/ENG.DIV-DRAUGHTSMAN-2 (CIVIL)/2022/Admn)** |
| **തീരുമാനം** | **അംഗീകരിച്ചു.** |
| **ഇനം നമ്പർ** | **2026.222*** |
| **വിഷയം** | കോഴിക്കോട് ജില്ലയിലെ ഫാറൂഖ് ട്രെയിനിങ് കോളേജിലെ B.Ed പ്രോഗ്രാമിന്റെ അഫിലിയേഷൻ സംബന്ധിച്ച സിണ്ടിക്കേറ്റ് യോഗ തീരുമാനത്തിന്മേൽ കോളേജ് പ്രിൻസിപ്പലും സിൻഡിക്കേറ്റ് മെമ്പറുമായ പ്രൊഫ. ഡോ. മുഹമ്മദ് സലിം ടി, സമർപ്പിച്ച 16.05.2025 തീയ്യതിയിലെ അപേക്ഷയും 04.06.2025 തീയ്യതിയിലെ ഇമെയിലും പരിഗണിച്ച് 05.12.2025 തീയ്യതിയിലെ 16801/2025/Admn സർവ്വകലാശാല ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയ ഉപസമിതിയുടെ 'സിൻഡിക്കേറ്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും മിനുട്സിൽ അപാകത കണ്ടെത്താൻ ഉപസമിതിക്ക് സാധിച്ചില്ല. ഈ വസ്തുത പരിഗണിച്ചുകൊണ്ടും നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തത് കൊണ്ടും 2025-26, 2026-27 അധ്യയന വർഷങ്ങളിലെ തുടർ അഫിലിയേഷൻ ഫീസ് ഫൈൻ കൂടാതെ അടക്കുന്നതിന് 2026 മാർച്ച് 31 വരെ സമയം നൽകണം' എന്ന ശുപാർശ പരിഗണിക്കുന്നതിന്. |
| | **(67678/CDC-D1/2014/Admn)** |
| **തീരുമാനം** | **തുടർ അഫിലിയേഷൻ ഫീസ് ഫൈൻ കൂടാതെ അടവാക്കുന്നതിന് 2026 മെയ് 31 വരെ സമയം അനുവദിച്ചുകൊണ്ട് അംഗീകരിച്ചു.** |
| **ഇനം നമ്പർ** | **2026.224*** |
| **വിഷയം** | സി.സി.എസ്.ഐ.ടി. ഡോ. ജോൺ മത്തായി സെന്റർ അരണാട്ടുകരയിൽ 5 Medium-end desktop കംപ്യൂട്ടറുകൾ CPRCS പോർട്ടൽ വഴി വാങ്ങിയതുമായി ബന്ധപ്പെട്ട്, KSITM–ലേക്ക് നൽകിയ 2,13,985/- രൂപ (രണ്ട് ലക്ഷത്തി പതിമൂവായിരത്തി തൊള്ളായിരത്തി എൺപത്തിയഞ്ച് രൂപ മാത്രം) അഡ്വാൻസ് തീർപ്പാക്കുന്നതിനായി ബില്ല് സമർപ്പിക്കുന്നതിൽ കാലതാമസം വന്ന വിഷയം പരിഗണിയ്ക്കുന്നതിന്. |
| | **(250772/DUSC-J-ASST-4/2025/Admn)** |
| **തീരുമാനം** | **അംഗീകരിച്ചു.** |
| **ഇനം നമ്പർ** | **2026.225*** |
| **വിഷയം** | കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തദ്ദേശീയ ജനതയുടെ സാംസ്കാരിക പൈതൃകത്തിനും സുസ്ഥിര വികസനത്തിനും വേണ്ടിയുള്ള യുനെസ്കോ ചെയറിന്റെ വിവിധങ്ങളായ അക്കാദമിക്–ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മുഴുവൻ സമയ റിസോഴ്സ് പേഴ്സനെ മൂന്നു മാസത്തേക്ക് (2026 മാർച്ച്, ഏപ്രിൽ, മെയ്) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്. |
| | **(257970/ZOO-ASST-1/2022/Admn)** |
| **തീരുമാനം** | **1. 'രണ്ട് വർഷത്തിൽ കുറയാത്ത ഗവേഷണ ബിരുദം' എന്നത് 'രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം' എന്ന് ഭേദഗതി ചെയ്തു.**<br>**2. റിസോഴ്സ് പേഴ്സനെ മൂന്നു മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി.** |
| **ഇനം നമ്പർ** | **2026.242*** |
| **വിഷയം** | സർവകലാശാലയ്ക്ക് അടവാക്കേണ്ടുന്ന വാടക/ലൈസൻസ് ഫീ, വൈദ്യുതിക്കരം, വെള്ളക്കരം എന്നിവ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന മുഴുവൻ ആളുകളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും പണം അടവാക്കേണ്ട അവസാന തീയതി കഴിഞ്ഞാൽ, 18% തുക പിഴയായി ഒരു നിശ്ചിത തീയതി വച്ച് ഈടാക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതിന്. |
| | **(65499/ENG. DIV-S4-ASST- 2/2016/Admn)** |
| **തീരുമാനം** | **പിഴ ഈടാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.** |
| **ഇനം നമ്പർ** | **2026.257*** |
| **വിഷയം** | E-15 ക്വാർട്ടേഴ്സിൽ സർവകലാശാലയുടെ അനുമതിയില്ലാതെ നടത്തിയ അധിക നിർമ്മാണവുമായി ബന്ധപ്പെട്ട് 2019 ഏപ്രിൽ മുതൽ 2025 ഡിസംബർ വരെയുള്ള സ്റ്റാൻഡേർഡ് വാടകയും, GSTയും ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി പെൻഷനേഴ്സ് ഫോറം സെക്രട്ടറിയുടെ അപേക്ഷ പരിഗണിക്കുന്നതിന്. |

UGC-CARE Listed ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ വേണമെന്ന നിബന്ധന ഒഴിവാക്കാനും UGC-CARE Listed ജേർണലുകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾക്ക് പകരം Peer-Reviewed journals-ൽ വരുന്ന ഉയർന്ന നിലവാരമുള്ളത് എന്ന് സെലക്ഷൻ കമ്മിറ്റിക്ക് ബോധ്യപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ പരിഗണിക്കാനുമുള്ള 31.12.2025 തീയതിയിലെ ഇനം നമ്പർ 2025.1360* സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനത്തിന് 14.06.2019 മുതൽ മുൻകാലപ്രാബല്യം നൽകിയത് യുജിസി യുടെ No. F.No. 1-1/2018/(CARE/JOURNAL)-Part file dated 11.02.2025 പബ്ലിക് നോട്ടീസിൽ പരാമർശിച്ചിട്ടില്ലാത്തത് കൊണ്ടും സർക്കാർ ഓഡിറ്റ് വിഭാഗം ബന്ധപ്പെട്ട ഫയൽ വിശദാംശങ്ങൾ ആവശ്യപ്പെട്ടുള്ള സാഹചര്യം കൂടി പരിഗണിച്ച് ടി സിണ്ടിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കേണ്ടതുണ്ടോ എന്ന കാര്യം പരിഗണിക്കുന്നതിന്.

**(85628/GA-II-SPECIAL-CELL-II-ASST-2/2025/Admn)**

**തീരുമാനം** **സിണ്ടിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.**

**ഇനം നമ്പർ** **2026.317***

**വിഷയം** സർവകലാശാല എക്കണോമിക്സ് പഠന വകുപ്പിൽ അടുത്ത രണ്ട് വർഷത്തേക്ക് പുതിയ മേധാവിയെ നാമനിർദ്ദേശം ചെയ്യുന്ന കാര്യം പരിഗണിയ്ക്കുന്നതിന്.

**(198717/GA-II-C2/2015/Admn)**

**തീരുമാനം** **ഡോ. സബീന ഹമീദ്. പി എന്നവരെ നാമനിർദ്ദേശം ചെയ്തു.**

**ഇനം നമ്പർ** **2026.318***

**വിഷയം** കോഴിക്കോട് ജില്ലയിലെ Peekay CICS Arts and Science കോളേജിലെ, M.Sc Computer Science (10) പ്രോഗ്രാം 2026-27 അക്കാദമിക വർഷം മുതൽ disaffiliate ചെയ്യണമെന്നുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

**(26618/CDC-D1/2013/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.319***

**വിഷയം** തൃശൂർ ജില്ലയിലെ നിർമല കോളേജിലെ ബാച്ലർ ഓഫ് ഹോട്ടൽ അഡ്മിനിസ്ട്രേഷൻ ഹോണോഴ്സ് (30) പ്രോഗ്രാം 2025-26 അക്കാദമിക വർഷം താത്കാലികമായി നിറുത്തൽ ചെയ്യുന്നതിനും, 2026-27 അക്കാദമിക വർഷത്തിൽ പുനരാരംഭിക്കുന്നതിനുമുള്ള കോളേജ് പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

**(91499/CDC-E-ASST-3/2014/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.320***

**വിഷയം** ശ്രീമതി. ഷൈമ ടി. കെ, അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, ഐ. ഡി നമ്പർ 4742, എന്നവർക്ക്, പ്രസവാവധിക്ക് തുടർച്ചയായി അനുവദിക്കപ്പെട്ട 11.04.2020 മുതൽ 05.05.2020 വരെയുള്ള 25 ദിവസത്തെ ശൂന്യ വേതന അവധി, ലോക്ക് ഡൗൺ കാലയളവായതിനാൽ ഡ്യൂട്ടി ആയി പരിഗണിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

**(72643/AD-C-ASST-1/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.321***

**വിഷയം** മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് പ്രവർത്തിക്കുന്ന നജാത്ത് കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ, ബി.എസ്.സി ഫിസിക്സ് Honours, ബി.എസ്.സി കെമിസ്ട്രി Honours, ബി.എ പൊളിറ്റിക്കൽ സയൻസ് Honours, ബി.എ ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻ Honours, എന്നീ പ്രോഗ്രാമുകൾ 2026-27 അക്കാദമിക വർഷം മുതൽ ഡിസഫിലിയേറ്റ് (റദ്ദ്) ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

**(22282/CDC-G2/2013/CU)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.323***

**വിഷയം** ക്യാമ്പസിലെ വനിതാ ഹോസ്റ്റലിലെ എവറസ്റ്റ് ബ്ലോക്കിൽ പുതിയ മെസ് തുടങ്ങുന്നതിന്റെ ഭാഗമായി ഹോസ്റ്റലിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മേട്രൻമാരുടെ ഡ്യൂട്ടി ഓരോ ഷിഫ്റ്റിലും (പകൽ, രാത്രി) 6 എണ്ണം എന്നുള്ളത് 8 എണ്ണം ആയി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതിന്.

**(94959/WHO-ASST/2022/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.324***

കമ്പ്യൂട്ടറുകൾ, കമ്പ്യൂട്ടർ ഒന്നിന് 46,000/- രൂപ പ്രകാരം 13,80,000 (പതിമൂന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് കണക്കാക്കി ജെം (GeM) പോർട്ടൽ മുഖേന വാങ്ങുന്നതിനുള്ള ഭരണാനുമതിയും സാമ്പത്തികാനുമതിയും, കംപ്യൂട്ടറുകൾ നല്ലസ്ഥിതിയിൽ ലഭിച്ച്, സ്റ്റോക്ക് എൻട്രി നടത്തിയതിനു ശേഷം, തുക ബന്ധപ്പെട്ട സ്ഥാപനത്തിന് 'Part II B: 18-4032-02 Development of Department as Centre with potential for Excellence' എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും നൽകുന്നതിനും സെക്ഷൻ 10(13), അദ്ധ്യായം III, കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട് 1975 പ്രകാരം അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(291719/DLIS-SO/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.331***

**വിഷയം** കാലിക്കറ്റ് സർവ്വകലാശാലയും, Ms. Tharakan Web Innovations Pvt. Limited, Chennai യും ചേർന്ന് നൽകുന്ന Online document verification and Authentication സേവനം 09.02.2026 ന് അവസാനിക്കുന്ന സാഹചര്യത്തിൽ 10.02.2026 മുതൽ ആറ് മാസത്തേക്ക് കൂടി നീട്ടി നൽകിക്കൊണ്ടുള്ള വൈസ് ചാൻസലറുടെ ഉത്തരവ് റിപ്പോർട്ട് ചെയ്യുന്നതിന്.

**(1102/DIGITAL WING-I-ASST-1/2026/PB)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.333***

**വിഷയം** CDOE ഇൽ ഓൺലൈൻ പ്രോഗ്രാമുകൾക്കായി ക്യാബിൻ ക്ലാസ് മുറികൾ സജ്ജീകരിക്കുന്ന പ്രവൃത്തിക്കായി (Setting Up Cabin Classrooms for Online Programmes under CDOE) തയ്യാറാക്കിയിട്ടുള്ള 10,02,000/- രൂപയുടെ (പത്തു ലക്ഷത്തി രണ്ടായിരം രൂപ മാത്രം) (18% GST ഉൾപ്പടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(20870/PLD-B-ASST-3/2026/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.334***

**വിഷയം** മൂന്നാം സെമസ്റ്ററിനു ശേഷം കോഴ്സ് (സി.ബി.സി.എസ്.എസ് – യൂ.ജി – വിദൂര വിഭാഗം) ഡിസ്കണ്ടിന്യൂ ചെയുകയും പുനഃ പ്രവേശനം നേടാതെ തന്നെ തുടർന്നുള്ള റെഗുലർ പരീക്ഷകൾ രജിസ്റ്റർ ചെയ്യുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്ത RASEENA POONGADAN (EMAWASY043) എന്ന വിദ്യാർത്ഥിനിയ്ക്ക് കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

**(103967/EDE-A4-ASST-1/2025/PB)**

**തീരുമാനം** **കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുന്നതിന് തീരുമാനിച്ചു.**

**ഇനം നമ്പർ** **2026.335***

**വിഷയം** DST SERB–ന്റെ കീഴിലുള്ള ഗവേഷണ പദ്ധതിയുടെ കാലാവധി പൂർത്തിയായതിനുശേഷം, മിച്ചംവന്ന തുകയും പലിശയും ഉൾപ്പെടെ മൊത്തം 3,63,443 രൂപ ഫണ്ടിംഗ് ഏജൻസിക്ക് തിരിച്ചടക്കാൻ പ്രിൻസിപ്പൽ ഇൻവെസ്റിഗേറ്ററായ ഡോ. രാജീവ് .എസ്. മേനോൻ–ന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(82910/DOP-ASST-2/2022/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.336***

**വിഷയം** ധനകാര്യ വകുപ്പിന്റെ 01.01.2026 തീയതിയിലെ സ.ഉ (അച്ചടി) നം. 01/2026/FIN ഉത്തരവ്, യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(40970/AD-K-ASST-4/2020/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.338***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Namitha. V.S. | English, | Dr. Wilson Rockey, | CARTOGRAPHIES OF |

| | | | |
|---|---|---|---|
| | | PG and Research Department of Economics, Mar Dionysius College, Pazhanji, Thrissur. | study of Fisherman Community in Kerala. |

**(163671/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.346***

**വിഷയം** ഗവൺമെന്റിൽ നിന്നും ഭരണാനുമതിയും നിരാക്ഷേപ സാക്ഷ്യ പത്രവും (NOC) ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ, BAITHUL IZZA ARTS & SCIENCE കോളേജിൽ 1) BSc Artificial Intelligence Honours 2) B.A Journalism & Mass Communication Honours എന്നീ സ്വാശ്രയപ്രോഗ്രാമുകൾക്ക് 2026-27 അധ്യയന വർഷം താത്കാലിക അഫിലിയേഷൻ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

**(231255/CDC-A2/2025/Admn)**

**തീരുമാനം** **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.347***

**വിഷയം** സുല്ലമുസ്സലാം സയൻസ് കോളേജ്, അരീക്കോട്, മലപ്പുറം എന്ന എയ്ഡഡ് കോളേജിനു 2026-27 അക്കാദമിക വർഷം മുതൽ 2035-36 വരെയുള്ള പത്ത് വർഷത്തേക്ക് സ്വയംഭരണ പദവി നൽകാനുള്ള യു.ജി.സി തീരുമാനവും, സർവകലാശാലയോട് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാനുള്ള നിർദേശവും പരിഗണിക്കുന്നതിന്.

**(262650/CDC-E-ASST-3/2024/Admn)**

**തീരുമാനം** **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.348**

**വിഷയം** ശ്രീ. സഫറുള്ള ഇ. കെ എന്ന ഗവേഷകന് 28.02.2026 ലെ സിണ്ടിക്കേറ്റ് നോട്ടിൽ അബദ്ധ വശാൽ ഉൾപ്പെട്ട കോ–ഗൈഡിന്റെ പേര് ഒഴിവാക്കി അവാർഡ് നോട്ടിഫിക്കേഷൻ നൽകുന്നത് റിപ്പോർട്ട് ചെയ്യുന്നതിന്.

| ഗവേഷകന്റെ പേര് | 28.02.2026 ലെ സിണ്ടിക്കേറ്റ് നോട്ടിൽ ഐറ്റം നമ്പർ 2026.79* ഇൽ ഒഴിവാക്കേണ്ട കോ–ഗൈഡിന്റെ പേര് |
|---|---|
| Safarulla E K | Dr. Mohammed Noorul Ameen V, Associate Professor & Research Guide, PG & Research Department of Arabic, PTM Government College, Perinthalmanna. |

**(127210/RESEARCH-C-ASST-3/2025/Admn)**

**തീരുമാനം** **ശ്രദ്ധിച്ചു.**

**ഇനം നമ്പർ** **2026.349***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Seeja H | English (Language & Literature) | Dr. Arunlal K, Associate Professor, Department of English, Government College, Mokeri, Kozhikode. | CULTURAL SPACE AND ETHNIC IDENTITY IN INDIAN TRIBAL LITERATURE: A STUDY OF NARAYAN, MANE AND SHEKHAR. |

**(223430/RESEARCH-C-ASST-3/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.350***

**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Muhammed Shan | Arabic (Language & Literature) | Dr. Yoosuf. V. K., Assistant Professor, Department of Arabic, | HUMANITY IN THE CONTEMPORARY IRAQI ARABIC NOVELS: |

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Sara Renni | Psychology (Science) | Dr. Moncy Edward, Research Guide, Department of Psychology, Prajyoti Niketan College, Pudukad. Co - Guide Dr. Soumya Starlett, Assistant Professor, Department of Psychology, Prajyoti Niketan College, Pudukad. | DESIGNING AND EVALUATING THE BRIEF INDIVIDUAL PARENTAL TRAINING PROGRAMME FOR MOTHERS OF CHILDREN WITH ADHD. |

**(203640/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2026.356***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shabna. A.M. | Mathematics (Science) | Dr. A K Vijayarajan, Professor, Kerala School of Mathematics. | EXTREME STATES AND BOUNDARY REPRESENTATIONS ON OPERATOR SPACES IN TERNARY RINGS OF OPERATORS. |

**(168426/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2026.357***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Thara Paul | Microbiology (Science) | **Dr.Sreedevi. N. Kutty,** Research guide, Department of Zoology, Christ College, Irinjalakuda. Co – Guides; **Dr. C. Sarathambal,** Senior Scientist, ICAR - Indian Institute of Spices Research, Kozhikode. **Dr. C.D. Sebastian,** Professor, Department of Zoology, University of Calicut. **Dr. Sudhikumar A. V.,** Assistant Professor, Department of Zoology, Christ College, Irinjalakuda. | DIVERSITY, DISTRIBUTION AND FUNCTIONAL CHARACTERIZATION OF BACTERIA FROM THE MANGROVE SEDIMENTS OF NORTHERN KERALA, INDIA. |

**(261591/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** അംഗീകരിച്ചു.

**ഇനം നമ്പർ** **2026.358***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Linsha. C.L. | Physics | Dr. Vishnu R, | Dynamic and |

നടത്തിപ്പിനായി മൂന്ന് ലക്ഷം രൂപ അഡ്വാൻസ് ആയി കൈപറ്റാൻ ഡോ.എ. യൂസഫിന് അനുമതി നൽകുകയും ചെയ്ത വൈസ് ചാൻസലറുടെ ഉത്തരവിന് സാധൂകരണം നൽകുന്നതിന്.

**(5407/RESEARCH-DR/2018/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.374**

**വിഷയം** സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസ്, പാലക്കാട് സെന്ററിലെ ഇലക്ട്രോണിക് ഉപകരണം കാണാതായതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർവ്വകലാശാല ആഭ്യന്തര ഓഡിറ്റ് കൈമാറിയ അന്വേഷണ റിപ്പോർട്ടിൻമേൽ പാലക്കാട് സെന്റർ അഡിഷണൽ കോ ഓർഡിനേറ്റർ നൽകിയ മറുപടിയിൽ 29.01.2026-നു ചേർന്ന യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സ് സ്ഥിരം സമിതി യോഗത്തിന്റെ ശിപാർശ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം പരിഗണിയ്ക്കുന്നതിന്.

**(72527/DUSC-G-ASST-2/2023/Admn)**

**തീരുമാനം** **അടുത്ത യോഗത്തിന്റെ പരിഗണനക്കായി മാറ്റിവെച്ചു.**

**ഇനം നമ്പർ** **2026.376***

**വിഷയം** സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസ്, ജെ.എം.സി അരണാട്ടുകര സെന്ററിലെ വിദ്യാർത്ഥികൾക്ക് വെള്ളിയാഴ്ചകളിലെ ഉച്ചഭക്ഷണ സമയം 2.00 PM വരെ നീട്ടി നൽകുന്നതിന് അനുമതി നൽകണമെന്ന വിഷയത്തിൽ, 29.01.2026 നു ചേർന്ന യൂണിവേഴ്സിറ്റി സ്റ്റഡി സെന്റേഴ്സ് സ്ഥിരം സമിതി യോഗത്തിന്റെ ശിപാർശ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം പരിഗണിയ്ക്കുന്നതിന്.

**(35933/2014/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.377***

**വിഷയം** സർവകലാശാല നേരിട്ട് നടത്തുന്ന സ്റ്റഡി സെന്ററുകളായ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കുറ്റിപ്പുറം സ്ഥിതി ചെയ്യുന്ന ഹിറ ഷോപ്പിങ് കോംപ്ലക്സ് (ഡൈറ ടവേഴ്സ്) കെട്ടിടത്തിന്റെ 01.06.2024 മുതൽ 30.04.2025 വരെയുള്ള വാടക കുടിശ്ശിക 5,62,199/- രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നതിനും, 01.05.2025 മുതൽ 11 മാസത്തേക്ക് വാടക കരാർ പുതുക്കുന്നതിനും സിൻഡിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി അനുവദിച്ച വൈസ് ചാൻസിലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(16688/DUSC-J-ASST-2/2013/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.378***

**വിഷയം** ദേവമാതാ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, പാലക്കാട് കോളേജിൽ നിന്നും BSc Costume and Fashion Designing Honours പ്രോഗ്രാം 2026-27 അധ്യയന വർഷം മുതൽ നിറുത്തലാക്കാൻ (Disaffiliation) വേണ്ടി പ്രിൻസിപ്പൽ നൽകിയ അപേക്ഷ പരിഗണിക്കുന്നതിന്.

**(116788/CDC-B3/2017/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.379***

**വിഷയം** എം.ഇ.എസ് ആർട്സ് ആൻഡ് സയൻസ്, ആമയൂർ പട്ടാമ്പി, പാലക്കാട് (unaided) കോളേജിലെ M.A ENGLISH LANGUAGE AND LITERATURE പ്രോഗ്രാം 2026-27 അധ്യയന വർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്യുന്നതിനുള്ള പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

**(41721/CDC-B2/2014/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.380***

**വിഷയം** പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി കോളേജിന്റെ BSc physics Honours (24) BSc Chemistry Honours (24) എന്നീ പ്രോഗ്രാമുകൾ 2026-27 അക്കാഡമിക വർഷം താത്കാലികമായി നിറുത്തൽ ചെയ്യുന്നതിനും 2027-28 അക്കാഡമിക വർഷത്തിൽ പുനരാരംഭിക്കുന്നതിനുമുള്ള കോളേജ് പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

**(3768/CDC-B3/2014/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.381***

**ഇനം നമ്പർ** **2026.390***
**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Suhaib T | Commerce (Commerce and Management Studies) | Dr. Jubair T, Research Guide, Department of Commerce, Government College, Kodanchery. | Financial Inclusion and Rehabilitation of Sri Lankan Repatriated Tamils in Kerala. |

**(239691/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.391***
**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Sijo Jacob. V. | Commerce (Commerce and Management Studies) | Dr. Thomas Paul Kattookaran, Research Guide, Department of Commerce, St. Thomas College, Thrissur. | SOCIAL CAPITAL AND MEMBER EMPOWERMENT : AN EMPIRICAL STUDY AMONG COOPERATIVES IN KERALA. |

**(239708/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.392***
**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shana Parveen. P.T | History (Humanities) | Dr. Manmathan M R, Associate Professor, Department of History, University of Calicut. | Historical Geography of Eranad. |

**(246075/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.393***
**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shajim. M.S. | Commerce (Commerce and Management Studies) | Dr. Udayakumar O K, Research Guide, Department of Commerce, Government College Madapally. | GREEN BUSINESS PRACTICES OF EVENT MANAGEMENT FIRMS IN KERALA. |

**(299591/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.394***
**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Rajendran. M.K | Commerce (Commerce | Dr. Jubair T, Research Guide, | Prospects and Challenges of Grass |

park) തയ്യാറാക്കിയ 8,00,000/- രൂപയുടെ (എട്ടു ലക്ഷം രൂപ മാത്രം) (18% ജി.എസ്.ടി ഉൾപ്പെടെ) എസ്റ്റിമേറ്റിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്ന വിഷയം, ആയത് അംഗീകരിക്കുന്നതിനുള്ള ഫിനാൻസ് പ്ലാനിങ് ആൻഡ് വർക്സ് സ്ഥിരം സമിതി ശിപാർശയോടൊപ്പം പരിഗണിക്കുന്നതിന്.

**(164779/PLD-B-ASST-3/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.403***

**വിഷയം** 2025-26 സാമ്പത്തിക വർഷത്തിൽ ഭവനനിർമ്മാണ വായ്പയായി 11,50,000/- (പതിനൊന്നു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ഭവന നിർമ്മാണ വായ്പ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. മുഹമ്മദ് ബഷീർ കെ –യ്ക്ക് (ID No.2920, ക്ലറിക്കൽ അസിസ്റ്റന്റ്) സർവ്വകലാശാല ബഡ്ജറ്റ് 2025-2026 പാർട്ട് IV 01-7001-04 Debts, Deposits and Advances എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് സെക്ഷൻ 10(13), അദ്ധ്യായം III, കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട് 1975 പ്രകാരം അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(83158/PLD-H-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.405***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Krupa | English (Language & Literature) | Dr. C. G. Shyamala, Assistant Professor, Department of English, Mercy College, Palakkad. | HOPE AND WELL-BEING: AN INQUIRY INTO LIFE NARRATIVES OF SELECT DISABLED INDIAN WOMEN. |

**(212526/RESEARCH-C-ASST-3/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.406***

**വിഷയം** സിണ്ടിക്കേറ്റിന്റെ സാധൂകരണത്തിനു വിധേയമായി പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 15,15,799/– രൂപ (പതിനഞ്ചു ലക്ഷത്തി പതിനയ്യായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒൻപതു രൂപ മാത്രം) 2024-2025 സാമ്പത്തിക വർഷത്തെ പെർഫോമൻസ് അലവൻസും എക്സ്ഗ്രേഷ്യ അലവൻസുമായി അനുവദിക്കുന്നതിന് ഉത്തരവിട്ട വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(31804/PRESS-ASST-1/2013/CU)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.407***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Devika M Anilkumar | Botany (Science) | Dr. Amitha Bachan. K. H, Assistant Professor, Department of Botany, MES Asmabi College. | NICHE SPECIFICITY AND OVERLAP OF THREATENED ANGIOSPERMS IN THE WESTERN GHATS AND ITS APPLICABILITY IN RED LIST ASSESSMENT, CONSERVATION AND ECORESTORATION. |

**(276099/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.408***

**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

പരിഗണിച്ചു മാപ്പാക്കി നൽകുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

**(75669/GA-IV-C2/2026/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.416***

**വിഷയം** മൗലാനാ അബുൽ കലാം ആസാദ് കോളേജ് ഓഫ് സോഷ്യൽ സയൻസസ്, പട്ടർകുളം, മഞ്ചേരി, മലപ്പുറം എന്ന കോളേജിലെ 2025-26 അധ്യയന വർഷത്തിൽ പ്രൊവിഷണൽ അഫിലിയേഷൻ ലഭിച്ച ബാച്ചലർ ഓഫ് ഫൈൻ ആർട്സ് പ്രോഗ്രാം (40 സീറ്റ്) 2025-26 അധ്യയന വർഷം താത്കാലികമായി നിർത്തലാക്കുന്നതിനും 2026-27 അധ്യയന വർഷത്തിൽ പുനരാരംഭിക്കുന്നതിനും അനുമതി നൽകണമെന്നുമുള്ള പ്രിൻസിപ്പാളിന്റെ അപേക്ഷ പരിഗണിക്കുന്നതിന്.

**(213260/CDC-G1/2024/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.417***

**വിഷയം** കോഴിക്കോട് ജില്ലയിലെ, സുന്നിയ്യ അറബിക് കോളേജ്, ചേന്നമംഗല്ലൂർ, മുക്കം എന്ന കോളേജിലെ എം. എ പോസ്റ്റ് അഫ്സൽ ഉൽ ഉലമ ഇൻ അറബിക് പ്രോഗ്രാമിന് 2025-26 അക്കാദമിക വർഷം മുതൽ കൺഫർമേഷൻ ഓഫ് അഫിലിയേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, വിദഗ്ദ്ധ സമിതിയുടെ പരിശോധനാ റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ അഫിലിയേഷൻ സ്ഥിരം സമിതി മുഖാന്തരം പരിഗണിക്കുന്നതിന്.

**(16184/CDC-G1/2014/Admn)**

**തീരുമാനം** **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.418***

**വിഷയം** സർവകലാശാലയുടെ ശിപാർശയനുസരിച്ച് 2026-27 അധ്യയനവർഷത്തേക്ക് സർക്കാരിൽ നിന്നും ഭരണാനുമതിയും നിരാക്ഷേപ സാക്ഷ്യപത്രവും (NOC) ലഭിച്ച Kondotty Co-Operative Educational Society, Kondotty, Malappuram എന്ന ഏജൻസിയുടെ കീഴിൽ സ്വാശ്രയ മേഖലയിൽ Kondotty Co-Operative College, Muthuvallur P.O, Kondotty, Malappuram എന്ന പുതിയ കോളേജിനു 2026-27 അധ്യയന വർഷത്തിൽ ക്ലാസുകൾ ആരംഭിക്കാനുള്ള അനുമതിയോട് കൂടി താത്കാലിക അഫിലിയേഷൻ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

**(239010/CDC-A2/2021/Admn)**

**തീരുമാനം** **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.419***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Anju B. Krishna | Political Science (Humanities) | Dr. Zacaria T V, Research Guide, Department of Political Science, University of Calicut. | Civil Society Organizations and Disaster Management : A Study of Wayanad District |

**(228996/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.420***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shilpa K R | Zoology (Science) | Dr. Sr. Anis K V, Research Supervisor, Department of Zoology, Christ College, Irinjalakuda. Co-Guide; Dr. Sudhikumar A V, Associate Professor, Department of Zoology, Christ College, Irinjalakuda. | MOLECULAR TAXONOMY AND PHYLOGENY OF ORB WEAVING SPIDERS (ARANEAE : ARANEIDAE) IN KERALA. |

| | | | |
|---|---|---|---|
| | | | tuberculosis through Virtual Screening and Molecular Modeling. |

**(161613/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.427***

**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Shamsudheen. P.V | Mathematics (Science) | Dr. Shahida A. T, Assistant Professor, Department of Mathematics, MES Mampad College, Mampad. | Results of Studies on Resolvability and Metric Dimension in Graphs. |

**(1061160/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.428***

**വിഷയം** കെമിസ്ട്രി പഠനവകുപ്പിലെ ഗവേഷകവിദ്യാർത്ഥിയായ ശ്രീമതി. അനുപ്രിയ. കെ യ്ക്ക് രണ്ടാം വർഷ DST-Inspire ഫെല്ലോഷിപ്പ് തുകയായ Rs.4,44,267/- (നാലുലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നതിന്.

**(131324/RESEARCH-F-ASST-3/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.429***

**വിഷയം** DST PURSE-ന്റെ കീഴിലുള്ള ഗവേഷണ പദ്ധതിയുടെ ആവശ്യത്തിനായി 400 MHz NMR Spectrometer (JEOL JNM-ECZL400S) എന്ന ഉപകരണം വാങ്ങുന്നതുമായി ബന്ധപ്പെട്ട്, അതിന്റെ ഇന്ത്യൻ ഒറിജിൻ വസ്തുക്കളുടെ വിതരണത്തിനും ഇൻസ്റ്റാളേഷനുമായി, 33,90,258/– രൂപ (മുപ്പത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുനൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) JEOL ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്, നല്കാൻ കോ–ഓർഡിനേറ്ററായ ഡോ. എബ്രഹാം ജോസഫിന് അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടിക്ക് സാധൂകരണം നൽകുന്നതിന്.

**(153626/DOP-ASST-2/2023/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.430***

**വിഷയം** DST PURSE ഗവേഷണ പദ്ധതിയുടെ കോർ കമ്മിറ്റി മീറ്റിംഗ് തീരുമാനപ്രകാരം, പ്രോഗ്രാമിന് കീഴിലുള്ള 400 MHz Nuclear Magnetic Resonance (NMR) and UPLC–High Resolution Mass Spectrometry (HRMS) എന്ന ഉപകരണങ്ങളും മറ്റു സൗകര്യങ്ങളും നിശ്ചിത നിരക്ക് ഈടാക്കി പുറത്തുള്ളവർക് ഉപയോഗിക്കാൻ അനുവദിക്കുന്നതുവഴി വരുമാനം സൃഷ്ടിക്കുവാനും, QUIMI Scientific Solutions LLP എന്ന സ്ഥാപനത്തിന് 2,00,000/– രൂപ (രണ്ട് ലക്ഷം രൂപ മാത്രം) സാമ്പത്തിക സഹായം നൽകുവാനും എടുത്ത തീരുമാനം നടപ്പിലാക്കുവാൻ സിന്റിക്കേറ്റിന്റെ മുൻകൂർ അനുമതി ലഭിക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്.

**(153626/DOP-ASST-2/2023/Admn (I))**

**തീരുമാനം** **അനുമതി നൽകി.**

**ഇനം നമ്പർ** **2026.431***

**വിഷയം** ഫലാഹിയ അറബിക് കോളേജ്, ഡൗൺ ഹിൽ പി. ഒ., മലപ്പുറം എന്ന സ്ഥാപനത്തിലെ B.A. Afzal Ul Ulama in Arabic Honours (intake-40) എന്ന പ്രോഗ്രാം 2026-27 അദ്ധ്യയന വർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്യുന്നതിന് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

**(16737/CDC-G3/2013/CU)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.432***

**വിഷയം** തൃശൂർ ജില്ലയിലെ ക്രൈസ്റ്റ് (ഓട്ടോണോമസ് ) കോളേജിനെതിരെ ഡോ. പി. ഡി. ഷാജു നൽകിയ പരാതികൾ പഠിച്ച് റിപ്പോർട്ട് നല്കാൻ 29.05.2025 തീയതിയിലെ സിൻഡിക്കേറ്റ്

ചെലവ് ഈ വർഷത്തെ Department of Forensic Science Part I 86-2007-01 'Purchase/Repair/AMC/Insurance (Equipment & Furniture)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും അനുമതി നൽകിയ വൈസ് ചാൻസിലറുടെ
നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(38984/DFS-ASST-1/2021/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.440***

**വിഷയം** ഫോറൻസിക് സയൻസ് പഠന വകുപ്പും കേരളാ പോലീസ് അക്കാദമിയും സംയുക്തമായി നടത്തുന്ന ''പ്രൊഫഷണൽ ഡോഗ് ട്രെയിനിംഗ് ആൻഡ് കനൈൻ ഫോറൻസിക്സ്'' എന്ന 3 മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പിനോട് അനുബന്ധിച്ച സ്ഥിരമായ തുടർ ചെലവുകളുടെ നിർവഹണത്തിനായി 8,00,000/- രൂപ (എട്ടു ലക്ഷം രൂപ മാത്രം) അഡ്വാൻസ് അനുവദിക്കുകയും ഇതിനുള്ള ചെലവ് ഈ വർഷത്തെ 'Part I 86-2111-01 'Department Development Fund' ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(143977/DFS-ASST-1/2020/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.443**

**വിഷയം** ഹ്യൂമാനിറ്റിസ് ഫാക്കൽറ്റിക്ക് കീഴിലുള്ള BA Human Resource Management പഠന ബോർഡ് ചെയർപേഴ്സൺ ആയിരുന്ന Prof. (Dr.) Gopalakrishnan M.B ബോർഡ് അംഗത്വവും ചെയർപേഴ്സൺ സ്ഥാനവും രാജിവെച്ചതിനെ തുടർന്നുണ്ടായ ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിന്.

**(31669/GA-I- F2/2020/Admn)**

**തീരുമാനം** **ശ്രദ്ധിച്ചു.**

**ഇനം നമ്പർ** **2026.444***

**വിഷയം** താഴെപറയുന്ന ഗവേഷകന് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Vishnu Das E. H. | Zoology (Science) | Dr. Sr. Anis K V, Research Guide, Department of Zoology, Christ College, Irinjalakuda. Co –guide; Dr. Sudhikumar A. V., Associate Professor, Department of Zoology, Christ college, Irinjalakuda. | DIVERSITY OF SPIDER FAUNA IN THE MANGROVE ECOSYSTEM FROM THE COASTAL REGIONS OF KERALA. |

**(214403/RESEARCH-C-ASST-2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.445***

**വിഷയം** താഴെപറയുന്ന ഗവേഷകയ്ക്ക് പി.എച്ച്.ഡി. ബിരുദം നൽകുന്നത് പരിഗണിക്കുന്നതിന്.

| Name of the Candidate | Subject & Faculty | Guide | Topic |
|---|---|---|---|
| Femina. C | Chemistry (Science) | Dr. Reji Thomas, Assistant Professor, Department of Chemistry, Farook College. Co-Guide; Dr. Sajith P K, Assistant Professor, Department of Chemistry, Farook College. | Experimental and Theoretical Investigation of Optical Properties on Cyanostyrene Based Donor-Acceptor Systems. |

**(222686/RESEARCH-C-ASST-1/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.446***

**വിഷയം** ഇ.എം.എസ് ചെയർ ഫോർ മാർക്സിയൻ സ്റ്റഡീസ് ആൻഡ് റിസേർച്ചിന് സിൽവർ

**ഇനം നമ്പർ** **2026.456***

**വിഷയം** Ma'din അറബിക് കോളേജ്, മേൽമുറി, മലപ്പുറം എന്ന കോളേജിന്റെ പേര് MAGNIS കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, മേൽമുറി, മലപ്പുറം എന്നാക്കി മാറ്റം വരുത്തുന്നതിനുള്ള കോളേജിന്റെ അപേക്ഷ പരിഗണിക്കുന്നതിനും അംഗീകരിക്കുന്നപക്ഷം സർക്കാരിന്റെ അനുമതി തേടുന്നതിന് ശുപാർശ ചെയ്യുന്നതിനും വേണ്ടി.

**(203024/CDC-G2/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.457***

**വിഷയം** അൽ ഷിഫാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കീഴാറ്റൂർ, പെരിന്തൽമണ്ണ, മലപ്പുറം എന്ന സ്ഥാപനത്തിലെ B.Com Taxation (40) പ്രോഗ്രാം 2026-27 അധ്യയനവർഷം മുതൽ ഡിസഫിലിയേറ്റ് ചെയ്യുന്നതിന് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന്.

**(195458/CDC-G1/2020/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.458***

**വിഷയം** എം.എ.ഓ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, എളയൂർ, ഇരുവെട്ടി, മലപ്പുറം എന്ന കോളേജിലെ ബി.എസ്.സി മാത്തമാറ്റിക്സ് Honours പ്രോഗ്രാം 2026-27 അക്കാദമിക വർഷം മുതൽ റദ്ദ് (ഡിസഫിലിയേഷൻ) ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിന്.

**(108570/CDC-G2/2015/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.459***

**വിഷയം** ഉത്തരക്കടലാസ് മൂല്യനിർണയത്തിന് അഫിലിയേറ്റഡ് കോളേജ് അദ്ധ്യാപകർക്ക് നൽകുന്ന വേതനത്തിൽ നിന്നും TDS കിഴിവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വിദഗ്ദോപദേശം തേടുന്നതിനായി 06.08.2024-ലെ സിണ്ടിക്കേറ്റ് തീരുമാനത്തിന്റെ (Item No.2024.922*) അടിസ്ഥാനത്തിൽ, 04.09.2024 തിയ്യതിയിലെ ഉത്തരവ് പ്രകാരം വൈസ് ചാൻസലർ, വർമ്മ ആൻഡ് വർമ്മ ചാർട്ടേർഡ് അക്കൗണ്ടന്റ് കമ്പനിയെ ചുമതലപ്പെടുത്തിയതിനെ തുടർന്ന് 15.01.2026 തിയ്യതിയിൽ വർമ്മ ആൻഡ് വർമ്മ ചാർട്ടേർഡ് അക്കൗണ്ടന്റ് കമ്പനി പ്രസ്തുത വിഷയത്തിൽ നൽകിയ വിദഗ്ദോപദേശം പരിശോധിക്കുന്നതിനും തുടർ നടപടികൾക്കുള്ള തീരുമാനം കൈക്കൊള്ളുന്നതിനും.

**(63/FIN-EAC A-SO/2021/FIN)**

**തീരുമാനം** **വിദഗ്ദോപദേശം അംഗീകരിക്കുന്നതിനും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.**

**ഇനം നമ്പർ** **2026.460***

**വിഷയം** To report the action taken by the Hon'ble Vice-Chancellor in issuing payment orders for an amount of ₹49,69,759/- (Rupees Forty-Nine Lakh Sixty-Nine Thousand Seven Hundred and Fifty-Nine only) to M/s Deep Sky Planetariums Pvt. Ltd. towards the installation of the Planetarium under the Head of Account Part I –NP – 14-2037-01 (Observatory) during the financial year 2025-26.

**(5650/PHY-SO/2014/CU)**

**തീരുമാനം** **Approved.**

**ഇനം നമ്പർ** **2026.461***

**വിഷയം** ഗവൺമെന്റിൽ നിന്നും ഭരണാനുമതിയും നിരാക്ഷേപ സാക്ഷ്യ പത്രവും (NOC) ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലയിലെ Nirmala College of Arts & Science, Meloor, Thrissur-ലെ സ്വാശ്രയ പ്രോഗ്രാമായ B.Sc Psychology (Honours) 2026-27 അധ്യയന വർഷം ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള അനുമതിയോടെ താത്കാലിക അഫിലിയേഷൻ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതിന്.

**(231255/CDC-A2/2025/Admn)**

**തീരുമാനം** **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.**

**ഇനം നമ്പർ** **2026.462***

**വിഷയം** സർവ്വകലാശാല അനുമതിക്ക് വിധേയമായും ആദ്യ 5 വർഷം അധിക തസ്തിക സൃഷ്ടിക്കില്ല എന്ന വ്യവസ്ഥയിലും സംസ്ഥാനത്തെ എല്ലാ സർക്കാർ, എയിഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും 2026-27 അധ്യയന വർഷം മുതൽ രണ്ട് വീതം പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും, കൂടാതെ സർവ്വകലാശാല നിയമപരമായ പരിശോധന നടത്തി അംഗീകരിച്ച പട്ടികയിൽ കാണിച്ച 13

സ്ക്രീനിംഗ് കം ഇവാലുവേഷൻ കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു കൊണ്ട് കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന് മുമ്പാകെയുള്ള W.P.(C) നമ്പർ 4733/2021-ലെ 22.05.2025-ലെ വിധിന്യായത്തിൽ നിന്നും ബന്ധപ്പെട്ട കേസുകളിന്മേലുള്ള അപ്പീലിന്റെ അന്തിമ തീർപ്പാക്കലിന് വിധേയമായി കൊണ്ട്, അസിസ്റ്റന്റ് പ്രൊഫസർ (അക്കാഡമിക് ലെവൽ 11) തസ്തികയിലേക്ക്, പ്രൊമോഷൻ നല്കുന്ന വിഷയം പരിഗണിക്കുന്നതിന്.

**(236268/GA-II-F-SO/2025/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.468***

**വിഷയം** സർവകലാശാലയുടെ ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റിലേക്ക്, ആവശ്യമായ മൂന്ന് സ്വിമ്മിങ്പൂൾ ഉപകരണങ്ങൾ/സാധനങ്ങൾ, 9,74,114/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി നൂറ്റി പതിനാല് രൂപ മാത്രം) ചെലവിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്പോർട്സ് കെയർ ഇന്ത്യ, മുംബൈ, മഹാരാഷ്ട്ര എന്ന സ്ഥാപനത്തിൽ നിന്നും, രണ്ട് സ്വിമ്മിങ്പൂൾ ഉപകരണങ്ങൾ/സാധനങ്ങൾ 9,26,755/- രൂപ (ഒൻപത് ലക്ഷത്തി ഇരുപത്തി ആറായിരത്തി എഴുന്നൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം) ചെലവിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ എസ്.പി. എന്റർപ്രൈസസ്, മുംബൈ, മഹാരാഷ്ട്ര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനും, സാധങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തിയതിനും, സ്റ്റോക്ക് എന്ററിക്കും, ബില്ലുകളിലെ സാക്ഷ്യപ്പെടുത്തലുകൾക്കും ശേഷം, Part I Non Plan 41-2048-01 സ്പോർട്സ് ഡെവെലപ്മെൻറ് ഫണ്ട് എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും ചെലവ് വഹിച്ചുകൊണ്ട്, സ്ഥാപനങ്ങൾക്കുള്ള പേയ്മെന്റ് നടത്തുന്നതിനും, സ്ഥാപനങ്ങൾക്ക് സപ്ലൈ ഓർഡർ നൽകുന്നതിനും, പേയ്മെന്റ് നടപ്പിലാക്കുന്നതിനും ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിനും അനുമതി നൽകിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നതിന്.

**(182036/PURCHASE-ASST-A2/2018/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.469***

**വിഷയം** CHMKM ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ്, താനൂരിലെ VI-ാം സെമസ്റ്റർ വിദ്യാർത്ഥികളായ ശ്രീ. അംബരീഷ് കെ., ശ്രീ. ജുനൈദ് വി.പി. എന്നിവർ അവരുടെ സസ്പെൻഷൻ റദ്ദാക്കുകയും VI-ാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനാവശ്യമായ അറ്റൻഡൻസ് ലഭ്യമാക്കുന്നതിനുള്ള അവസരം അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാതി വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന്.

**(47695/DSW-ASST-6/2026/Admn)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.470***

**വിഷയം** കാലിക്കറ്റ് സർവകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ 2025 അഡ്മിഷൻ മുതൽ ആരംഭിച്ച മൾട്ടിപ്പിൾ എൻട്രി, എക്സിറ്റ് ഓപ്ഷനുകൾ ഉള്ള അഞ്ചു വർഷ ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളുടെ (എഫ്.വൈ.ഐ.പി – സി.ബി.സി.എസ്.എസ്) ഫീസ് ഘടന 2024 അഡ്മിഷൻ മുതൽ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച എഫ്.വൈ.യു.ജി. പ്രോഗ്രാമിന്റെ ഫീസ് ഘടനയുടെ മാതൃകയിൽ നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച വൈസ് ചാൻസലറുടെ തീരുമാനം റിപ്പോർട്ട് ചെയ്യുന്നതിന്.

**(101295/EG-I-ASST-4/2025/PB)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.471***

**വിഷയം** 06.04.2026 തീയതിയിലെ 925/2026/PB നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം കാലിക്കറ്റ് സർവകലാശാലയ്ക്കു കീഴിലുള്ള കോളേജുകളിൽ 2025 അഡ്മിഷൻ മുതൽ ആരംഭിച്ച നാല് വർഷ ബി.വോക്. പ്രോഗ്രാമിന്റെ (സി.യു.എഫ്.വൈ.വി.പി – 2025) ഫീസ് ഘടന, 2024 അഡ്മിഷൻ മുതൽ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച എഫ്.വൈ.യു.ജി പ്രോഗ്രാമിന്റെ ഫീസ് ഘടനയുടെ മാതൃകയിൽ നിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച വൈസ് ചാൻസലറുടെ തീരുമാനം റിപ്പോർട്ട് ചെയ്യുന്നതിന്.

**(250404/EG-I-ASST-4/2025/PB)**

**തീരുമാനം** **അംഗീകരിച്ചു.**

**ഇനം നമ്പർ** **2026.472***

**വിഷയം** കാലിക്കറ്റ് സർവകലാശാല കമ്പ്യൂട്ടർ സെന്ററിലേക്ക് (CUCC) 6 എയർ കണ്ടീഷണറുകൾ, Part I Non plan 55-2082-01 Purchase of essential items എന്ന അക്കൗണ്ട്

| | |
|---|---|
| **ഇനം നമ്പർ** | **2026.478*** |
| **വിഷയം** | സർവകലാശാലാ ശിപാർശയുടെ വെളിച്ചത്തിൽ 2025-26 & 2026-27 അധ്യയന വർഷങ്ങളിലേക്ക് സർക്കാർ ഭരണാനുമതിയും നിരാക്ഷേപ സാക്ഷ്യ പത്രവും ലഭിച്ച 1).MOR IVANIAN College Vadakkenchery, Thenidukku, Palakkad, 2). PK DAS Liberal College of Arts & Science എന്നീ കോളേജുകളിലെ യഥാക്രമം BSc Artificial Intelligence (24), B Sc Airline and Airport Management (Honours) (24) എന്നീ പ്രോഗ്രാമുകൾക്ക് 2026-27 അധ്യയന വർഷത്തിൽ താത്കാലിക അഫിലിയേഷൻ അനുവദിക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിന്. **(231255/CDC-A2/2025/Admn)** |
| **തീരുമാനം** | **മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.** |
| **ഇനം നമ്പർ** | **2026.479*** |
| **വിഷയം** | എം.ഇ.എസ് കെവീയം കോളേജ്, വളാഞ്ചേരി, മലപ്പുറം കോളജിലെ ഇന്റഗ്രേറ്റഡ് എം.എസ്.സി ബോട്ടണി വിത്ത് കംപ്യുട്ടേഷണൽ ബയോളജി എന്ന അഞ്ചു വർഷ ഇന്റെഗ്രേറ്റഡ് പ്രോഗ്രാമിന് കൺഫർമേഷൻ ഓഫ് അഫിലിയേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എം.ഇ.എസ് കെവീയം കോളേജ് പ്രിൻസിപ്പാൾ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്ന സാഹചര്യത്തിൽ, 10.07.2018 തീയതിയിലെ 8326/2018/Admn നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരമുള്ള "പ്രസ്തുത പ്രോഗ്രാമിന്റെ ഇരട്ടി കാലാവധി" എന്ന വ്യവസ്ഥ പാലിക്കേണ്ടതുണ്ടോ എന്ന വിഷയം പരിഗണിക്കുന്നതിന്. **(22756/CDC-G3/2015/CU)** |
| **തീരുമാനം** | **ഇന്റെഗ്രേറ്റഡ് പ്രോഗ്രാമുകൾക്ക് കൺഫർമേഷൻ ഓഫ് അഫിലിയേഷൻ അനുവദിക്കുന്നതിന് തുടർച്ചയായി 5 വർഷം പ്രോഗ്രാം നടത്തിയാൽ മതിയെന്ന് തീരുമാനിച്ചു.** |
| **ഇനം നമ്പർ** | **2026.484*** |
| **വിഷയം** | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്ന സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം പൊളിക്കാനുള്ള സിണ്ടിക്കേറ്റ് തീരുമാനം പുനഃപരിശോധിക്കുന്ന വിഷയവും കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി യോഗ്യതയുള്ളതും അംഗീകൃതവുമായ ഒരു ഏജൻസി മുഖാന്തിരം നിർണയിക്കുന്നതിനായി അനുമതി നൽകുന്ന വിഷയവും ഏത് ഏജൻസിയെയാണ് ഏൽപിക്കേണ്ടത് എന്ന് തീരുമാനിക്കുന്ന വിഷയവും പരിഗണിയ്ക്കുന്നതിന്. **(81620/ENG.DIV-DRAUGHTSMAN-I-(CIVIL)/2026/Admn)** |
| **തീരുമാനം** | **അനുമതി നൽകി.**<br>**ഏജൻസിയെ നിശ്ചയിക്കുന്നതിനായി താൽപര്യപത്രം ക്ഷണിക്കുന്നതിനും തീരുമാനിച്ചു.** |
| **ഇനം നമ്പർ** | **2026.485*** |
| **വിഷയം/ തീരുമാനം** | **Ph.D ബിരുദം അവാർഡ് ചെയ്യുന്നതിനായി സമർപ്പിക്കപ്പെടുന്ന സിണ്ടിക്കേറ്റ് നോട്ടുകളോടൊപ്പമുള്ള മലയാളം സംഗ്രഹങ്ങളിൽ ഗുരുതരമായ തെറ്റുകൾ കടന്നുകൂടുന്നത് പരിഹരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിക്കപ്പെടുന്നില്ലെന്നും വളരെ ലാഘവത്തോടെയും അശ്രദ്ധമായുമാണ് ഇപ്പോഴും മലയാളം സംഗ്രഹങ്ങൾ തയ്യാറാക്കുന്നതെന്നും യോഗം വിലയിരുത്തി. ആയതിനാൽ ഗവേഷണത്തിന്റെ സത്ത പൂർണ്ണമായും ഉൾക്കൊള്ളുന്ന വിധത്തിൽ ഭാഷാപരമായ ശുദ്ധിയോടെയും, സൂക്ഷ്മതയോടെയും മലയാളം സംഗ്രഹങ്ങൾ തയ്യാറാക്കുന്നതിന് എല്ലാ ഗൈഡുമാർക്കും കർശന നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.** **(DoR)** |

| | |
|---|---|
| (ഒപ്പ്)<br>**രജിസ്ട്രാർ** | (ഒപ്പ്)<br>**വൈസ് ചാൻസലർ** |

Appendix to 2026.413*

കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം നമ്പർ 2026.413-ലെ തീരുമാനത്തോട് താഴെപ്പറയുന്ന കാരണങ്ങളാൽ ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഇന്റേൺഷിപ്പിനായി വിദ്യാർത്ഥികളിൽ നിന്ന് പണം ഈടാക്കുന്നത് വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണത്തിനും അർഹരായ ഉദ്യോഗാർത്ഥികളെ സാമ്പത്തിക വേർതിരിവിന്റെ അടിസ്ഥാനത്തിൽ പുറന്തള്ളുന്നതിനും തുല്യമാണ്. ഒരു സ്ഥാപനത്തിനായി സ്വന്തം സമയവും അധ്വാനവും അറിവും വിനിയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡ് നൽകുന്നതിനുപകരം അവരിൽ നിന്ന് ഫീസ് ഈടാക്കുന്നത് തികഞ്ഞ തൊഴിൽ ചൂഷണമാണ്. ഇത് മിടുക്കരായ നിരവധി വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽപരിചയം നേടാനുള്ള അവസരം നിഷേധിക്കുന്നതോടൊപ്പം, ഇന്റേൺഷിപ്പിന്റെ യഥാർത്ഥ ലക്ഷ്യമായ പ്രായോഗിക പഠനത്തെ കേവലം സർട്ടിഫിക്കറ്റ് കച്ചവടമായി ചുരുക്കുകയും ചെയ്യുന്നു.

അതിനാൽ, ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിച്ച്, കഴിവിന്റെ അടിസ്ഥാനത്തിൽ തുല്യാവസരങ്ങൾ ഉറപ്പാക്കുന്ന ഒരു വിദ്യാഭ്യാസ സംസ്കാരം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രൊഫ. (ഡോ.) റഷീദ് അഹമ്മദ് പി
സിൻഡിക്കേറ്റ് അംഗം
കാലിക്കറ്റ് സർവകലാശാല

25.04.2026